**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : T 1683

07.03.2018 ൽ
മറുപടിയ്ക്ക്

**ആറ്റിങ്ങലിൽ പുതിയ കോടതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ആറ്റിങ്ങലിൽ പുതുതായി അഡീഷണൽ ജില്ല സെഷൻസ് കോടതി ആരംഭിക്കുന്നത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണ്:<br><br>(ബി) ആഭ്യന്തര വകുപ്പിന്റെ 18/11/2017 - ലെ C5/85/2017/Home നമ്പർ കത്തിന് ലഭ്യമായ മറുപടിയും ഇതിൻ മേൽ സ്വീകരിച്ച നടപടിയും വിശദമാക്കാമോ? | (എ) യും (ബി) യും പുതിയ കോടതികൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണനാലിസ്റ്റ് 02.03.2016 തീയതിയിലെ സ.ഉ. (കൈ) 79/2016/ ആഭ്യന്തരം പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അഡീഷണൽ ജില്ലാ സെഷൻസ് കോടതി, ആറ്റിങ്ങൽ ഇതിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ മുൻഗണനാലിസ്റ്റിൽ ഈ കോടതിയും ഉൾപ്പെടുത്തണമെന്ന് ഹൈക്കോടതി രജിസ്ട്രാർ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ 30 ഗ്രാമന്യായാലയങ്ങൾ ആരംഭിച്ച സാഹചര്യത്തിൽ മുൻഗണനാലിസ്റ്റ് പുന: പരിശോധിക്കുന്ന വിഷയത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. (സി5/85/2017 തീയതി 18/11/2017 കത്തുപ്രകാരം) ഹൈക്കോടതി രജിസ്ട്രാറുടെ ആവശ്യം പരിഗണിച്ച് തുടർനടപടി കൈക്കൊള്ളാമെന്ന് അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. നിലവിൽ പുതിയ കോടതികൾ ആരംഭിക്കുന്ന വിഷയത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ